# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3499 21.12.2012 ലെ മറുപടിക്ക്

## പഞ്ചായത്തുകളിൽ പുതിയ തസ്തികകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ : | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) 1 9 9 4-ലെ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടെ പഞ്ചായത്തുകളുടെ ജോലി ഭാരവും പദ്ധതി നടത്തിപ്പിലും , ധനവിനിയോഗത്തിലും ഉണ്ടായ വർദ്ധനവിന് അനുസരണമായി തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിൽ എന്ത് ക്രമീകരണങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | (എ) ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനം സുതാര്യവും കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനും എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട്ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ യഥാസമയവും, കാര്യക്ഷമവുമായും നൽകുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ഗ്രാമ പഞ്ചായത്തുകളിൽ ഇൻഫർമേഷൻ കേരള മിഷന്റെ നേതൃത്വത്തിൽ കമ്പ്യൂട്ടർവൽക്കരണം നടന്നു വരുന്നു. ഗ്രാമപഞ്ചായത്തുകളുടെ റവന്യൂ അക്കൗണ്ടിംഗ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത്ക്കരിച്ചതു വഴി അതത് ദിവസത്തെ സാമ്പത്തിക സ്ഥിതിയും ചെലവ് വിവരങ്ങളും ആസ്തി ബാദ്ധ്യതാ വിവരങ്ങളും കൃത്യമായി പരിശോധിച്ച് തിട്ടപ്പെടുത്തുന്നുണ്ട്. കൂടാതെ |

സാംഖ്യ, സുലേഖ തുടങ്ങിയ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നുണ്ട്. അതിലൂടെ ഗ്രാമ പഞ്ചായത്തുകളിലെ ഫണ്ടുകൾ വിനിയോഗിക്കുന്നതിന് കൃത്യതയും സുതാര്യതയും കൈവരുത്താൻ കഴിയുന്നു.

(ബി) അതിന് അനുസരണമായി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകൾ എന്ന് വിശദമാക്കുമോ ?

(ബി) ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് സംവിധാനത്തെ കുറിച്ച് വിശദമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ അംഗങ്ങളായി രണ്ടംഗ സമിതിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത രണ്ടംഗ സമിതിയുടെ പഠന റിപ്പോർട്ട് പഠിച്ച് മതിയായ ശുപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച ആറംഗ സമിതിയുടെ ശുപാർശകൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ